(Pages : 3) **H – 1341**

Reg. No. : .............................

Name : ..................................

**Third Semester B.A./B.Sc. Degree Examination, October 2019**

**First Degree Programme under CBCSS**

**Malayalam Language**

**Language Course VII – Additional Language III**

**ML 1311.1 : DRISHYAKALASAHITHYAM**

**(2014-2017 admissions)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1 'മലയാളത്തിലെ ഇബ്സൻ' എന്നറിയപ്പെടുന്നതാര്?

2. കേരളകലാമണ്ഡലം സ്ഥാപിതമായ വർഷം.

3. 'വൈശാലി'യുടെ കഥാതന്തു സ്വീകരിച്ചിരിക്കുന്നതെവിടെനിന്ന്?

4. കുഞ്ചൻ നമ്പ്യാരെ 'കോമിക് ജീനിയസ്സ്' എന്നു വിശേഷിപ്പിച്ചതാര്?

5. 'ബകവധ'ത്തിന്റെ കർത്താവാര്?

6. തിരക്കഥയ്ക്കുള്ള ദേശീയപുരസ്ക്കാരം ആദ്യം നേടിയ മലയാളി?

7. എൻ.എൻ. പിള്ള എഴുതിയ നാടകപഠനഗ്രന്ഥം.

8. ദമയന്തീസ്വയംവരത്തിൽ കോപിഷ്ഠനായ കലിയുടെ ശപഥമെന്ത്?

9. ജോസഫ് മുണ്ടശ്ശേരി നളചരിതത്തെ വിശേഷിപ്പിച്ചതെങ്ങനെ?

10. അഭിജ്ഞാനശാകുന്തളത്തിന്റെ ആദ്യമലയാള വിവർത്തകൻ ആര്?

**(10 × 1 = 10 Marks)**

II. ഓരോ ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. നളചരിതത്തിലെ ഉദ്യാനവർണ്ണനയുടെ ഔചിത്യം വ്യക്തമാക്കുക.

12. 'മുല്ലയിന്മേൽ ആരെങ്കിലും ചൂടുവെള്ളം ഒഴിക്കുമോ?' ആരുടെ വാക്കുകൾ? സാഹചര്യമെന്ത്?

13. 'ഒരു പെണ്ണിനെ കുരുതി കൊടുത്ത കൈകൊണ്ടെന്നെ തൊടരുത്' വക്താവ്. സന്ദർഭം, സാംഗത്യം എന്നിവ വ്യക്തമാക്കുക.

14 വിഭാണ്ഡകമുനിയുടെ ചിത്രണം എം.ടി. നിർവ്വഹിച്ചിരിക്കുന്നതെങ്ങനെ?

15. 'ഒറ്റച്ചോദ്യത്തിനുത്തരം കിട്ടാവുന്നത്ര ഋജുവായ ഒന്നാണതെന്ന് എന്റെ മക്കൾ കരുതുന്നുണ്ടോ' സൂചിതമെന്ത്?

16. ഭീമന്റെ ദുർഭാഷണത്തിന് ഹനുമാന്റെ മറുപടി എന്തായിരുന്നു?

17. തുള്ളൽ എത്രവിധം? ഏതെല്ലാം? സാമാന്യമായി പരിചയപ്പെടുത്തുക

18. 'നാലഞ്ചുഭർത്താവൊരിത്തിക്കു താനത്

നാലുജാതിക്കും വിധിച്ചതല്ലോർക്കണം' - സാംഗത്യമെന്ത്?

19. ഭർത്തൃഗൃഹത്തിലേക്ക് യാത്രയാകുന്ന ശകുന്തളയ്ക്ക് താതകാശ്യപൻ നൽകുന്ന ഉപദേശമെന്ത്?

20. 'വ്യസനം തവ വരുമുടനേ' - സന്ദർഭവും ആശയവും വിശദമാക്കുക.

21. ഋശ്യശൃംഗന്റെ തപോബലത്തെ സൂചിപ്പിക്കുന്ന ഒരു സന്ദർഭം വ്യക്തമാക്കുക.

22. 'ധർമ്മലബ്ധമല്ലോ ഭാഗ്യം' - സൂചിതമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും 120 വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ചലച്ചിത്രസംവിധായകന് സ്രഷ്ടാവിന്റെ സ്ഥാനമാണ്. എന്തുകൊണ്ട്?

24. 'കറുത്ത ദൈവത്തെത്തേടി' അന്വേഷണത്തിന്റെ തന്നെ നാടകീകരണമായി മാറുന്നതെങ്ങനെ?

25. എം.ടി. യുടെ തിരക്കഥരചനാപാടവത്തിനുദാഹരണമാണ് മഴയില്ലാത്ത അംഗരാജ്യത്തിന്റെ ചിത്രണം - സമർത്ഥിക്കുക

26. ധർമ്മപുത്രാനുജൻ എന്ന ഭീമഗർവ്വത്തെ ഹനുമാൻ തകർക്കുന്നതെങ്ങനെ?

27. 'ഗുഡ്നൈറ്റ്' എന്ന ശീർഷകം നാടകത്തിന്റെ ഭാവതലവുമായി ചേർന്നു നില്ക്കുന്നതെങ്ങനെ?

28. ഉണ്ണായിവാര്യരുടെ ഭാഷാനയമെന്ത്?

29. ശകുന്തളയുടെ വിവാഹവാർത്തയറിഞ്ഞ കാശ്യപന്റെ പ്രതികരണമെന്ത്?

30. 'ദൈവദോഷം നിനക്കുവന്നു; ഭാവമിളപ്പെട്ടില്ലയോ' എന്ന പുഷ്കരന്റെ അഭിപ്രായപ്രകടനത്തിനു കാരണമെന്ത്?

31. തനതുനാടകവേദി - കുറിപ്പെഴുതുക.

**(6 × 4 = 24 Marks)**

IV. **മൂന്നു പുറത്തിൽ കവിയാതെ രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. രൂപപരമായ പരീക്ഷണവും പ്രമേയപരമായ അന്വേഷണബുദ്ധിയും ദാർശനികമായ ദുരന്തബോധവും സമന്വയിക്കുന്ന കൃതിയാണ് 'കറുത്ത ദൈവത്തെത്തേടി' - സമർത്ഥിക്കുക

33. വൈശാലി എന്ന സുന്ദരസൃഷ്ടിയിൽ ഭാവനാശാലിയായ എം.ടി.യുടെ സാന്നിദ്ധ്യം ശക്തമാണ് - പരിശോധിക്കുക.

34. തുള്ളൽ ഒരു ജനകീയകലാരൂപമായി പരിഗണിക്കപ്പെടുന്നതെന്തുകൊണ്ട്?

35. 'മലയാളികളുടെ കപടസദാചാരത്തെ കൊഞ്ഞനം കുത്തുന്ന നാടകമാണ് ഗുഡ്നൈറ്റ്' - ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

---